II.ഇ.ബി. XII--കേരള നിയമസഭ/VI- 4

## പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2007 സെപ്റ്റംബർ 7, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ളക്കാർഡുകളും പിടിച്ചുകൊണ്ട് അവരവരുടെ സീറ്റിൽ ഇരിക്കുന്നുണ്ടായിരുന്നു.)

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

22 (*91) കാലവർഷക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, 2007-ലെ തെക്കുപടിഞ്ഞാറൻ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ഇതേവരെ 244 പേർ മരണമടഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 27.6.2007-ലെ കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവ് പ്രകാരം മുതിർന്നവരെന്നോ കുട്ടികളെന്നോ വ്യത്യാസമില്ലാതെ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കുള്ള ധനസഹായം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും അത് മിക്കവാറും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇനിയും തുക വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടുന്നതാണ്. 1770944 ആളുകളെ കാലവർഷക്കെടുതി നേരിട്ട് ബാധിക്കുകയുണ്ടായി.

കഴിഞ്ഞ കുറേ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായ സാഹചര്യത്തിൽ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും ചേർന്ന് പ്രധാനമന്ത്രിയെക്കണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും സി.ആർ.എഫിൽ നിന്ന് കൂടുതൽ സഹായം ആവശ്യപ്പെടുകയുണ്ടായി. 641.29 കോടി രൂപയുടെ കേന്ദ്ര സഹായം ആവശ്യപ്പെട്ടിരുന്നു. നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽനിന്നും 50 കോടി രൂപ ലഭിച്ചിട്ടുണ്ട്. കൂടുതൽ സഹായം കിട്ടാനുള്ള പരിശ്രമം തുടരുകയാണ്. 35337.13 ഹെക്ടറിലായി 18378 ലക്ഷം രൂപയുടെ കൃഷി നാശമുണ്ടായി. കൂടുതൽ കൃഷി നാശമുണ്ടായ സാഹചര്യത്തിൽ കേന്ദ്രത്തിൽനിന്നുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനായി ഒരു പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ഏഴ് അംഗങ്ങൾ അടങ്ങുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൃഷിനാശം, ഉരുൾപൊട്ടൽ, കടൽക്ഷോഭം ഇവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചാൽ അർഹിക്കുന്ന സഹായം നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. 2020 വീടുകൾ പൂർണ്ണമായും 49107 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. ഈ ഈനത്തിൽ 3086.84 ലക്ഷം രൂപയുടെ നഷ്ടമുള്ളതായി കണക്കാക്കുന്നു. കാലവർഷക്കെടുതിയിൽ 48937.46 ലക്ഷം രൂപയുടെ പൊതുമുതൽ നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലായി 1532.84 കോടി രൂപയുടെ നാശനഷ്ടമുണ്ടായി. ആകെ 1532.34 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി

304.37 കോടി രൂപ സംസ്ഥാന ഗവൺമെന്റ് ചെലവാക്കിയിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രമേ നഷ്ടപരിഹാരത്തുക കൊടുക്കാൻ സാധിക്കൂ. സംസ്ഥാനത്ത് ഉരുൾപൊട്ടൽ വർദ്ധിച്ചിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് ദേശീയ ദുരന്ത നിവാരണ അതോറിറ്റിക്ക് നിവേദനം നൽകുകയും കാർഷിക യൂണിവേഴ്സിറ്റിയും സെസ്സും ഇത് സംബന്ധിച്ച് പഠനം നടത്തുകയുമുണ്ടായി. ഗവൺമെന്റ് ഓഫ് ഇൻഡ്യ ഒരു വിദഗ്ദ്ധ ടീമിനെ കേരളത്തിലേയ്ക്ക് അയയ്ക്കുന്നുണ്ട്. അവരുടെ റിപ്പോർട്ട് ലഭിച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അശാസ്ത്രീയമായ രീതിയിലുള്ള കുന്നിടിച്ചിലും പാറപ്പൊട്ടിക്കലും കെട്ടിടനിർമ്മാണവും പ്രകൃതിക്ഷോഭത്തിന് കാരണമാകുന്നുണ്ട്. ഇത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലും പരിശോധനയിലുമുള്ള വിഷയമാണ്. ശാസ്ത്രീയമായ രീതിയിലുള്ള ജലനിർഗ്ഗമന മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുന്നതാണ്. പ്രകൃതിക്ഷോഭംമൂലം തകർന്ന പി.ഡബ്ള്യൂ.ഡി. റോഡുകളുടെ മെയിന്റനൻസിനായി ധനകാര്യ വകുപ്പ് 50 കോടി രൂപ അനുവദിക്കുകയും അത് ചെലവാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കുന്നുകളിൽനിന്നു മണ്ണൊലിച്ച് പുഴകളും തോടുകളും നികരുന്നത് തടയുന്നതിന് ആവശ്യമായ നിയമനിർമ്മാണം കൊണ്ടുവരും. സംസ്ഥാനത്ത് ഇപ്പോൾ രൂപീകൃതമായ ദുരന്ത നിവാരണ അതോറിറ്റി വിവിധ മേഖലകളിലെ പ്രശ്നങ്ങളെക്കുറിച്ച് പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് ഇന്ന് ഡൽഹിയിൽ നടക്കുന്ന കോൺഫറൻസിൽ റവന്യൂ പ്രിൻസിപ്പിൽ സെക്രട്ടറിയും

സുനാമിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സെക്രട്ടറിയും പങ്കെടുക്കുന്നുണ്ടെന്ന്. ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വെളിപ്പെടുത്തി.

23(*92) ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) നൽകിയ മറുപടിയിൽ, ഹൈസ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ 6.8.2007-ലെ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഒന്നു മുതൽ ഏഴ് വരെയുള്ള ക്ളാസ്സുകളിൽ പഠിക്കുന്ന ഉച്ചഭക്ഷണത്തിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ ഒരു മുട്ട/പഴം നൽകുവാനുള്ള ക്രമീകരണങ്ങൾ നിലവിലുണ്ട്. അതോടൊപ്പംതന്നെ അവരുടെ ഉച്ചഭക്ഷണത്തിൽ പച്ചക്കറികൾ, പോഷകമൂല്യമുള്ള ഇലവർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുവരെ വിതരണം ചെയ്തിരുന്നതിൽനിന്നും വ്യത്യസ്തമായി മൂന്ന് മാസത്തേക്ക് ആവശ്യമായ തുക മുൻകൂട്ടി ഉച്ചഭക്ഷണ പദ്ധതിക്ക് ഇപ്പോൾ അനുവദിക്കുന്നുണ്ട്. ഇതിനകം 11.36 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്ന അരിക്കും സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് തുകയ്ക്കും പുറമേ അദ്ധ്യാപക-രക്ഷകർത്തൃ സമിതികളും ഇക്കാര്യത്തിൽ വളരെ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന തൊഴിലാളികൾക്ക് നൽകുന്ന കൂലി ഒരു ദിവസം 30 രൂപ എന്നുള്ളത് 2004 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി 50 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 100 കുട്ടികളോ അതിൽ കൂടുതലോ

ഉണ്ടെങ്കിൽ നൂറിൽ അധികം വരുന്ന ഓരോ വിദ്യാർത്ഥിക്കും 25 പൈസ വീതം പരമാവധി 150 രൂപവരെ കൊടുക്കുന്നതാണ്. ഉച്ചഭക്ഷണം വേണ്ട കുട്ടികൾ രക്ഷകർത്താക്കളിൽനിന്നും കത്തുവാങ്ങി അധികൃതർക്ക് നൽകണമെന്ന വ്യവസ്ഥയുണ്ട്. 90 ശതമാനം കുട്ടികളാണ് ഉച്ചഭക്ഷണം കഴിക്കുന്നതിന് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്. നിവിലുള്ള മാനദണ്ഡം അനുസരിച്ച് ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലാണ് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നത്. അൺ എയ്ഡഡ് മേഖലയിലെ തമിഴ് മീഡിയം ഉൾപ്പെടെയുള്ള ഭാഷാ ന്യൂനപക്ഷ സ്കൂളുകളിലും പട്ടികജാതി/പട്ടികവർഗ്ഗ സ്കൂളുകളിലും ഉച്ചഭക്ഷണം ലഭ്യമാക്കുന്ന കാര്യവും ശരാശരി 80 ശതമാനം കുട്ടികൾ ഹാജരുണ്ടെങ്കിൽ മാത്രമേ ഉച്ചഭക്ഷണം നൽകൂ എന്ന കാര്യത്തിൽ മാറ്റംവരുത്തുന്ന കാര്യവും പരിശോധിക്കുന്നതാണ്. സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് ആവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നകാര്യം ബന്ധപ്പെട്ട വകുപ്പുമായി ഗവൺമെന്റ് ആലോചിക്കും. ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനുള്ള തുക പി.ടി.എ.യ്ക്കോ പ്രഥമ അദ്ധ്യാപകനോ നേരിട്ടും പാചകത്തൊഴിലാളികൾക്കുള്ള കൂലി പ്രഥമ അദ്ധ്യാപകനിലൂടെ നേരിട്ടും നൽകിയാൽ ഇപ്പോഴത്തേതിനെക്കാൾ മെച്ചപ്പെട്ട സ്ഥിതിയുണ്ടാകുമെങ്കിൽ അത് പിരശോധിച്ച് നടപ്പാക്കും. ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുവേണ്ടിയുള്ള വിറക് ശേഖരണം പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുമെന്നതിനാൽ സോളാർ പാനലുകൾ ഉപയോഗിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. പണത്തിന്റെ ബുദ്ധിമുട്ടുമൂലം ഒരു സ്കൂളിലും ഉച്ചഭക്ഷണം മുടങ്ങിയിട്ടില്ല. നിർദ്ധന കുടുംബത്തിലെ കുട്ടികൾക്ക്

ബ്രേക്ക്ഫാസ്റ്റ് കൊടുക്കുന്ന കാര്യവും ഉച്ചഭക്ഷണം വിതരണം ചെയ്യുന്ന സ്കൂളുകളിലെ കോമ്പൗണ്ടുകളിൽ പച്ചക്കറി വച്ചുപിടിപ്പിക്കുന്നത് സംബന്ധിച്ചും ജൈവ മാലിന്യ പ്ളാന്റ് സ്ഥാപിച്ച് ബയോ ഗ്യാസ് ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ചും ഗവൺമെന്റ് പരിശോധിക്കുന്നതാണ്. നാട്ടിക മണ്ഡലത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന്റെ ഭാഗമായി വൈകുന്നേരമിരുന്നു പഠിക്കുന്ന കുട്ടികൾക്ക് ഭക്ഷണം കൊടുക്കാൻ നടപ്പാക്കിയ പദ്ധതി മറ്റ് സ്ഥലങ്ങളിലും മാതൃകയാക്കാവുന്നതാണ്. ഗവൺമെന്റ്/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ ഇംഗ്ളീഷ് പഠിപ്പിക്കുന്നതിനായി പാഠ്യ പദ്ധതി പരിഷ്ക്കരിക്കുന്ന കാര്യം ഫോക്കസ് ഗ്രൂപ്പിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതാണ്. ഈ വർഷമുണ്ടായ അപാകതകൾ പരിഹരിച്ച് അടുത്ത അദ്ധ്യയന വർഷത്തിൽ യഥാസമയം പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും പ്രീപ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്കുള്ള മറുപടിയായി മന്ത്രി അറിയിച്ചു.

24(*93) വിഴിഞ്ഞം അന്തർദേശീയ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന്റെ നിർമ്മാണം

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിൽ, വിഴിഞ്ഞം അന്തർദേശീയ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന്റെ നിർമ്മാണത്തിനായി ഇതുവരെ 23 കമ്പനികൾ ടെണ്ടർ രേഖകൾ വാങ്ങിയിട്ടുണ്ടെന്നും ഇതിൽ Maersk India (P) Ltd., PSA India (P) Ltd., Universal

Empire Infrastructrure Ltd., Macknight Infrastructure (P) Ltd., Dredging International, Cyan Hotels(P) Ltd. എന്നീ വിദേശ കമ്പനികൾ ഉൾപ്പെടുന്നുണ്ടെന്നും സഭയെ അറിയിച്ചു. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി. 2007 ഒക്ടോബർ മാസം 31 ആണ്. 2007 ഡിസംബർ മാസം അവസാനത്തോടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ആവശ്യമായ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റോഡ്/റെയിൽ കണക്ടിവിറ്റി, ജലവിതരണം, വൈദ്യുതിലഭ്യത തുടങ്ങിയവ ഒരുക്കേണ്ടത് സംസ്ഥാന സർക്കാരാണ്. അതിനായി സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്ന ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച് താഴെപ്പറയുന്ന നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

<u>റോഡ്/റെയിൽ കണക്ടിവിറ്റി</u>

തുറമുഖ പദ്ധതിക്കാവശ്യമായ റോഡ്/റെയിൽ കണക്ടിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച് വിശദമായ സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ സ്ഥാപനമായ റെയിൽ ഇൻഡ്യാ ടെക്നിക്കൽ ആന്റ് ഇക്കണോമിക് സർവീസസ് ലിമിറ്റഡ് (RITES)-മായി 31-05-2007- ൽ സംസ്ഥാന ഗവൺമെന്റ് കരാർ ഒപ്പുവെച്ചു. നാലുമാസം കൊണ്ട് പൂർത്തിയാകുന്ന ഈ പ്രവൃത്തിക്ക് 45 ലക്ഷം രൂപ നൽകേണ്ടതുണ്ട്.

<u>ശുദ്ധജല വിതരണം</u>

തുറമുഖത്തിനാവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിനായി വെള്ളായണി കായൽ സ്രോതസ്സായി ഒരു ജലവിതരണ പദ്ധതി വിഭാവനം ചെയ്തിട്ടു

ണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റിയുമായി 3-07-2007-ൽ കരാർ ഒപ്പുവെച്ചു. 3.89 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി 15 മാസം കൊണ്ട് പൂർത്തികരിക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>വൈദ്യുതി വിതരണം</u>

തുറമുഖ പദ്ധതിയുടെ പ്രവർത്തനത്തിന് ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നത് സംബന്ധിച്ച് വൈദ്യുതി ബോർഡുമായി ചർച്ചകൾ നടത്തിവരുന്നു.

പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തി കരാർ ഒപ്പിട്ടുകഴിഞ്ഞാൽ 3 വർഷം കൊണ്ട് ടെർമിനലിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ഒന്നാം ഘട്ടം പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിഴിഞ്ഞം മൈനർപോർട്ടിൽ ആരംഭിച്ച ഡ്രെഡ്ജിംഗ് തടസ്സമില്ലാതെ മുന്നോട്ടുപോവുകയാണ്. 2007-ലെ പുതുക്കിയ നിരക്ക് അനുസരിച്ചാണ് ഗ്ളോബൽ ടെണ്ടർ നടത്തിയിട്ടുള്ളതെന്നും പുതുക്കിയ നിരക്ക് പ്രകാരം ആകെ 5348 കോടി രൂപയാണ് പദ്ധതിച്ചെലവ് എന്നും വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനലിന് ഭൂമി ഏറ്റെടുക്കേണ്ട ആവശ്യമില്ലെന്നും റോഡ്/റെയിൽ തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കാണ് ഭൂമി ഏറ്റെടുക്കേണ്ടിവരുന്നതെന്നും കോവളം-കന്യാകുമാരി ബൈപാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടത്താൻ നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഈ ടെർമിനലുമായി ബന്ധപ്പെട്ട റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി

പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

25 (*105) സുനാമി പുനരധിവാസ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ നടപടി

റവന്യൂ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സുനാമി പുനരധിവാസ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി സെക്രട്ടേറിയറ്റിൽ ടി.ആർ.പി. സെൽ രൂപീകരിക്കുകയും പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനുമായി പദ്ധതി നിർവ്വഹണ വകുപ്പുകളിൽ പി.ഐ.യു. രൂപീകരിക്കുകയും എസ്.എൽ.ഇ.സി.യും എസ്.എൽ.എസ്.സി.യും പദ്ധതികൾ വിശകലനം ചെയ്ത് അംഗീകരിച്ച് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും മന്ത്രിസഭാ ഉപസമിതി ആഴ്ച തോറും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ടെന്ന് അറിയിച്ചു. ഇതിനുവേണ്ടി 1441..75 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

26 (*106) ഭൂവിനിയോഗ സംരക്ഷണ നയം

റവന്യൂ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ഭൂവിനിയോഗ സംരക്ഷണ നയം ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധരുമായും ബന്ധപ്പെട്ട വകുപ്പുകളുമായും മറ്റും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു കരട് രേഖ തയ്യാറായി വരുന്നുണ്ടെന്നും അറിയിച്ചു.

27 (*108) നിയമപരിഷ്ക്കരണ കമ്മിഷൻ രൂപീകരണം

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, നിയമ പരിഷ്ക്കരണ കമ്മിഷന്റെ രൂപീകരണ നടപടികൾ അന്തിമ ഘട്ടത്തിലാണെന്നറിയിച്ചു.

28 (*112) യുവകർമ്മസേന രൂപീകരണം

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ കീഴിൽ യുവകർമ്മസേന രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്നും ജില്ലാതലത്തിൽ അതിന്റെ നടപടി പൂർത്തിയായി വരികയാണെന്നും അറിയിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ യുവകർമ്മസേന രൂപീകരണം പൂർത്തിയായിട്ടുണ്ട്. ജില്ലാതലത്തിൽ യുവകർമ്മസേനയുടെ സംഖ്യാബലം 100 പേരിൽ കുറയാത്തതായിരിക്കണമെന്നാണ് തീരുമാനം. ഗ്രാമ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും നൂറിൽ കുറയാത്ത അംഗസംഖ്യയോടെ യുവകർമ്മസേന രൂപീകരിക്കുന്നതിന്റെ പ്രാരംഭ നടപടികൾ നടന്നുവരുന്നുണ്ട്. ദുരന്തമേഖലകളിൽ രക്ഷാ പ്രവർത്തനം, ശുചീകരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, പകർച്ചവ്യാധിക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പ് സംഘാടനം, ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കൽ തുടങ്ങിയവയാണ് യൂവകർമ്മസേനയുടെ പ്രവർത്തനങ്ങൾ.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

22 (647) വള്ളംകളി കായികവിനോദമായി പ്രഖ്യാപിക്കാൻ നടപടി

വള്ളംകളി കായിക വിനോദമായി പ്രഖ്യാപിക്കുകയും അതിന് ഒരു ഏകീകൃത നിയമാവലി തയ്യാറാക്കുന്നതിന് 9 അംഗങ്ങളള്‍ അടങ്ങുന്ന ഒരു സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

23 (666) <u>കേരള പാഠ്യപദ്ധതി ചട്ടങ്ങള്‍ പരിഷ്ക്കരണം</u>

'ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് - 2005'-നെ അടിസ്ഥാനപ്പെടുത്തി 'കേരള പാഠ്യപദ്ധതി ചട്ടക്കൂട് - 2007'-ന്റെ കരടുരൂപം എസ്.സി.ഇ.ആര്‍.ടി. തയ്യാറാക്കി കരിക്കുലം കമ്മിറ്റി അംഗങ്ങള്‍, കോര്‍ കമ്മിറ്റി അംഗങ്ങള്‍, അദ്ധ്യാപക സംഘടനകള്‍ എന്നിവരുമായി ഒരു വട്ടം ചര്‍ച്ച പൂര്‍ത്തിയാക്കി ക്കഴിഞ്ഞു. കേരള വിദ്യാഭ്യാസ നിയമം (1958), കേരള വിദ്യാഭ്യാസ ചട്ടം (1959) എന്നിവ പരിഷ്ക്കരിക്കുന്നതിന് ശുപാര്‍ശകള്‍ സമര്‍പ്പിക്കുന്നതി നായി റിട്ട.ചീഫ് സെക്രട്ടറി ശ്രീ. സി.പി. നായര്‍ ചെയര്‍മാനായുള്ള ഒരു കമ്മിറ്റിയെ സര്‍ക്കാര്‍ നിയമിച്ചിട്ടുണ്ട്.

24 (686) <u>നഴ്സറി സ്കൂളുകള്‍</u>

സംസ്ഥാനത്ത് സര്‍ക്കാര്‍ മേഖലയില്‍ 406-ഉം എയിഡഡ് മേഖലയില്‍ 258-ഉം നഴ്സറി സ്കൂളുകളാണ് പ്രവര്‍ത്തിച്ചുവരുന്നത്.

25 (745) <u>മൃഗശാലകളുടെ നവീകരണം</u>

സംസ്ഥാനത്ത് മൃഗശാലകളുടെ നവീകരണത്തിന്റെ ഭാഗമായി തൃശ്ശൂരില്‍ സിഥിതിചെയ്യുന്ന മൃഗശാല പൂത്തൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന തിനുള്ള പ്രാരംഭ നടപടികള്‍ നടന്നുവരികയാണ്. തിരുവനന്തപുരം മൃഗശാ

ലയുടെ ആധുനികവൽക്കരണത്തിനുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പരിപാടികൾ അവസാനഘട്ടത്തിലാണ്.

26 (751) <u>കെ.എസ്.എഫ്.ഡി.സി. ലാഭത്തിലാക്കാൻ നടപടി</u>

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ലാഭകരമാക്കുന്നതിനുമായി ഒരു പുന:സംഘടനാ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. ഇതിന്മേൽ തീരുമാനം വരുന്നമുറയ്ക്ക് വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്. വീഡിയോ സി.ഡി. നിർമ്മാണ യൂണിറ്റ്, ടി.വി. ഫിലിം പ്രൊഡക്ഷൻ സെന്റർ, ഫിലിം ഫിനാൻസ് ഏജൻസി രൂപവൽക്കരണം, ഐ-മാക്സ് തിയേറ്റർ സ്ഥാപിക്കൽ, ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണം എന്നിവ ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. വികസന പദ്ധതികൾ പൊതുമേഖലാ പങ്കാളിത്തത്തോടെ സർക്കാർ അംഗീകാരത്തിന് വിധേയമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാകുന്നതോടെ കോർപ്പറേഷൻ ലാഭത്തിലാകുമെന്നാണ് കണക്കാക്കുന്നത്.

27 (842) <u>സഹകരണ അദാലത്തുകൾ</u>

സഹകരണ അദാലത്തുകൾ വഴി ഇതുവരെ 4693 ഫയലുകളിൻമേൽ തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.